ഭരണഭാഷ-മാതൃഭാഷ

File No.DDP-KTM/254/2019-G5

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
കോട്ടയം, തീയതി: 18.03.2019
ഫോൺ: 0481-2560282
Email: ddpkottayam@gmail.com

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ.സി.കെ.ബേബി
പ്രസിഡന്റ്
കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ,
കോട്ടയം ജില്ല

സർ,

വിഷയം - ചെറുകിട വ്യവസായ യൂണിറ്റുകളുടെ ലൈസൻസ് 5 വർഷ കാലയളവിലേയ്ക്ക് പുതുക്കി നൽകുന്നത് - സംബന്ധിച്ച്

സൂചന -
1. താങ്കൾ 25.02.2019 ൽ ഈ ഓഫീസിൽ സമർപ്പിച്ച നിവേദനം
2. പഞ്ചായത്ത് ഡയറക്ടറുടെ 12.03.2019 ലെ പിഎഎൻ/3053/2019-സി 4(ഡിപി) നമ്പർ കത്ത്.
3. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233
4. 1996 ലെ (ഫാക്ടറികളും വ്യവസായങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും) ചട്ടങ്ങൾ

......

മേൽ വിഷയം സംബന്ധിച്ച് താങ്കൾ സൂചന (1) പ്രകാരം ഈ ഓഫീസിൽ ലഭ്യമാക്കിയ നിവേദനം പരിശോധിച്ചതിൽ ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ സൂചന (2) കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സൂചന (3) ആക്ടും സൂചന (4) ചട്ടങ്ങളും പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് ക്ലിയറൻസ് നൽകുന്നതിലേയ്ക്കായി അധികാരപ്പെട്ട സർക്കാർ വകുപ്പുകൾ, ബോർഡുകൾ, ഏജൻസികൾ എന്നിവ നൽകുന്ന ക്ലിയറൻസുകൾ 5 വർഷ കാലയളവിലേയ്ക്കാണെങ്കിൽ ലൈസൻസിന്റെ കാലാവധി 5 വർഷമായി നിജപ്പെടുത്തുന്നതും ക്ലിയറൻസിന്റെ കാലാവധി 5 വർഷത്തിൽ താഴെ അവസാനിക്കുന്നിടത്ത് ടി കാലയളവുവരെയായി ലൈസൻസിന്റെ കാലാവധി നിജപ്പെടുത്തുന്നതുമായിരിക്കും. മേൽ ചട്ടത്തിലെ 2 ഉം 3 ഉം 4 ഉം പട്ടികകൾ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേയ്ക്ക് നിശ്ചയിക്കുന്ന ലൈസൻസ് ഫീസ് ലൈസൻസ് അനുവദിക്കുന്ന കാലയളവുവരെ മുൻകൂറായി ഈടാക്കുന്നതുമാണ്. കൂടാതെ മേൽ പറഞ്ഞ സ്ഥാപനങ്ങൾ തക്കതായ കാരണങ്ങളാൽ ആയത് പിൻവലിക്കുകയാണെങ്കിൽ അപ്രകാരമുള്ള തീയതിയിൽ ഗ്രാമപഞ്ചായത്ത് നിയമാനുസരണം ലൈസൻസ് റദ്ദ് ചെയ്യുന്നതുമാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ഉൾക്കൊള്ളുന്ന സൂചന (2) കത്തിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(I/c)

സി.